(സി) ഈറ്റത്തൊഴിലാളികളുടെ വിവിധ ആവശ്യങ്ങളിൻമേൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ എടുത്ത തീരുമാനങ്ങളെല്ലാം തന്നെ ബാംബൂ കോർപ്പറേഷൻ ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്.

ബസ്സുകളുടെ വരവ് ചെലവുകളെക്കുറിച്ച് പഠനം

159 [1365] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിൽ ആകെ എത്ര വലിയ ബസ്സുകൾ ഓർഡിനറി സർവ്വീസ് നടത്തുന്നുണ്ട്; ഒരു ഓർഡിനറി വലിയ ബസ്സ് ഓടി ഒരു ദിവസം കിട്ടുന്ന ആവറേജ് വരുമാനം എന്ത്; അത്തരത്തിലുള്ള ഒരു ബസ്സ് പുറത്തിറക്കാൻ കെ. എസ്. ആർ. ടി. സി.-ക്കുണ്ടാകുന്ന ചെലവ് എന്ത്;

(ബി) കെ. എസ്. ആർ. ടി. സി.-യിൽ ആകെ എത്ര മിനിബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്; ഒരു മിനിബസ്സ് പുറത്തിറക്കാൻ കെ. എസ്. ആർ. ടി. സി.- ക്കുണ്ടാകുന്ന ചെലവ് എന്ത്; ഒരു മിനിബസ്സ് ഒരു ദിവസം ഓടിയാൽ കെ. എസ്. ആർ. ടി. സി.-ക്ക് ലഭിക്കുന്ന ആവറേജ് വരുമാനം എന്ത്;

(സി) മിനിബസ്സുകൾ ഓടിക്കുന്നതാണോ വലിയ ബസ്സുകൾ ഓടിക്കുന്നതാണോ കെ. എസ്. ആർ. ടി. സി.-ക്ക് സാമ്പത്തികമായി പ്രയോജനം ചെയ്യുന്നത്; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനമോ, പരിശോധനയോ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ പഠനത്തിന്റേയോ പരിശോധനയുടേയോ വിശദാംശങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ അത്തരത്തിലുള്ള പഠനമോ പരിശോധനയോ നടത്താൻ തയ്യാറാകുമോ?

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി.-യിൽ ആകെ 3143 വലിയ ബസ്സുകൾ, ഓർഡിനറി സർവ്വീസ് നടത്തുന്നുണ്ട്. 2005 മേയ് മാസത്തെ കണക്കനുസരിച്ച് പ്രസ്തുത ബസ്സുകളിൽ നിന്നും കിലോമീറ്ററിന് ശരാശരി 16.97 രൂപ വരുമാനം ലഭിക്കുന്നുണ്ട്. നിലവിൽ ഒരു ഓർഡിനറി ലൈലാൻഡ് ബസ്സ് നിരത്തിൽ ഇറക്കുവാൻ 13,45,818 രൂപയും, ഒരു ഓർഡിനറി ടാറ്റാ ബസ്സിന് 13,33,750 രൂപയും ചെലവാകുന്നു.

(ബി) നിലവിൽ കെ. എസ്. ആർ. ടി. സി.-യിൽ ആകെ 295 മിനി ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. ഒരു മിനിബസ്സ് പുറത്തിറക്കാൻ കെ. എസ്. ആർ. ടി. സി.-ക്ക് ഏകദേശം 8.33 ലക്ഷം രൂപ ചെലവാകുന്നു. 2005 മേയ് മാസത്തെ കണക്കനുസരിച്ച് പ്രസ്തുത ബസ്സുകളിൽ നിന്നും കി. മീറ്ററിന് ശരാശരി 13.21 രൂപ വരുമാനം ലഭിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വലിയ ബസ്സുകൾ ഓടിക്കുന്നതാണ് കെ. എസ്. ആർ. ടി. സി.-ക്ക് ലാഭകരം. ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

ടിക്കറ്റിംഗ് മെഷീൻ

160 [1373] *ശ്രീ. പി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-ക്കുവേണ്ടി ഇതുവരെ എത്ര ടിക്കറ്റിംഗ് മെഷീൻ വാങ്ങിയിട്ടുണ്ട്;

(ബി) ഏതെല്ലാം കമ്പനികളിൽ നിന്നാണ് ഇത് വാങ്ങിയത്;

(സി) ഒരു മെഷീന്റെ വില എത്രയാണ്;

(ഡി) ഈ ഇനത്തിൽ എത്ര തുക ചെലവായി എന്ന് വ്യക്തമാക്കാമോ;

(ഇ) കേടായ മെഷീൻ സർവ്വീസ് നടത്തുന്നത് ഏത് സ്ഥാപനമാണ്;

(എഫ്) ഇപ്പോൾ എത്ര മെഷീനുകൾ ഉപയോഗത്തിലുണ്ട്;

(ജി) ഈ ഇനത്തിൽ എന്തുതുക ബോർഡിന് നഷ്ടമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 3370 എണ്ണം.

(ബി) 1. മൈക്രോ എംഎ. എക്സ്. ജാസ്പേറോട്ടർ, തൈക്കാട്, തിരുവനന്തപുരം. 2. സോഫ്റ്റ് ലാൻഡ്, ഇന്ത്യാ ലിമിറ്റഡ്, ഗൗരീശപട്ടം, തിരുവനന്തപുരം എന്നീ കമ്പനികളിൽ നിന്നുമാണ് ടിക്കറ്റിംഗ് മെഷീൻ വാങ്ങിയത്.

(സി) 8469 രൂപ.

(ഡി) ടിക്കറ്റിംഗ് മെഷീൻ വാങ്ങിയ ഇനത്തിൽ 2,85,40,530 രൂപ ചെലവായി.

(ഇ) മെഷീൻ സപ്ലൈ ചെയ്ത കമ്പനികളായ മൈക്രോ എഫ്. എക്സ്. തിരുവനന്തപുരം, സോഫ്റ്റ് ലാൻഡ് ഇന്ത്യാ ലിമിറ്റഡ്, ഗൗരീശപട്ടം, തിരുവനന്തപുരവും തന്നെയാണ് മെഷീൻ സർവ്വീസ് നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly